V. സ്പെഷ്യൽ ഹോമുകൾ :

കേരളത്തിൽ ആകെ 2 കറക്ഷൻ (സ്പെഷ്യൽ ഹോം) ഹോമുകളാണ് നിലവിലുള്ളത്. വിശദമായ വിവരം ചുവടെ ചേർക്കുന്നു :

1. ഗവ. സ്പെഷ്യൽ (കറക്ഷൻ ഹോം) ഹോം (ബോയ്സ്), തിരുവനന്തപുരം

2. ഗവ. സ്പെഷ്യൽ (കറക്ഷൻ ഹോം) ഹോം (ഗേൾസ്), കോഴിക്കോട്

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ഒഴികെ ബാക്കി സ്ഥാപനങ്ങളിൽ 100-ൽ കൂടുതൽ കുട്ടികൾ നിലവിലില്ല. കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ നിലവിൽ 131 കുട്ടികളുണ്ട്. ഇതിൽ 90 കുട്ടികൾ സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നു. ബാക്കി കുട്ടികൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ എന്നിവിടങ്ങളിലെ സ്റ്റാഫുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) ജുവനൈൽ ഹോമുകളിൽ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടില്ല.

അങ്കണവാടി ജീവനക്കാർ

203 (5556) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുച്ഛമായ വേതനത്തിൽ ജോലി നോക്കിവരുന്ന അങ്കണവാടി ജീവനക്കാരുടെ അധികജോലി ഒഴിവാക്കി കുട്ടികളുടെ സംരക്ഷണ ചുമതലയ്ക്ക് കൂടുതൽ സമയം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ബി) അങ്കണവാടി ജീവനക്കാർക്ക് സ്ഥലംമാറ്റത്തിന് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ ?

ഉത്തരം

(എ) ഐസിഡിഎസ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ആയതിന് കീഴിലുള്ള അങ്കണവാടികളുടെ സമയക്രമം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 09.30 മുതൽ 3.30 വരെ അങ്കണവാടി പ്രവർത്തനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം 5.00 മണിവരെ ഭവന സന്ദർശനവുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഐസിഡിഎസ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതല്ലാത്ത മറ്റ് പ്രവർത്തനങ്ങളിൽ അങ്കണവാടി പ്രവർത്തകരെ സാധാരണ നിയോഗിക്കാറില്ലെങ്കിലും അങ്കണവാടി നടത്തിപ്പുമായി ബന്ധപ്പെട്ട വാർഷിക സർവ്വേ, വികലാംഗ സർവ്വേ എന്നിവയ്ക്ക് അങ്കണവാടി പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ടി ജീവനക്കാരെ ചുമതലപ്പെടുത്താറുള്ളത്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വയോമിത്രം പദ്ധതി

204 (5557) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വയോജനങ്ങൾക്ക് വരുമാനപരിധി മാനദണ്ഡമാക്കാതെ, ആരോഗ്യ സംരക്ഷണം നൽകുകയെന്നതാണ് വയോമിത്രം പദ്ധതിയുടെ ലക്ഷ്യം. ഇതിലേക്കായി മൊബൈൽ ക്യാമ്പുകളിലൂടെ സൗജന്യമായി മരുന്നുകൾ, കൗൺസിലിംഗ് സേവനം, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകുന്നു.

(സി) പദ്ധതി നടത്തിപ്പിനായി ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്പെഷ്യൽ ടീച്ചർ

205 (5558) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ എത്ര സ്പെഷ്യൽ ടീച്ചർമാർ ജോലി ചെയ്യുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly